(Pages : 4) **N – 3759**

Reg. No. : .............................

Name : ..................................

# First Semester B.A./B.Sc. Degree Examination, June 2022

## First Degree Programme under CBCSS

## Language Course II – Additional Language I — Malayalam

## ML 1111.1 : മലയാളകവിത

## (2014-2017 Admission)

Time : 3 Hours Max. Marks : 80

I. **ഒരു** വാക്കിലോ പരമാവധി **രണ്ടു** വാക്യത്തിലോ ഉത്തരമെഴുതുക.

1. അനുപമകൃപാനിധി, അഖിലബാന്ധവൻ എന്നിങ്ങനെ കവി വിശേഷിപ്പിക്കുന്നത് ആരെയാണ്?

2. പാർത്ഥസാരഥി വർണ്ണന മഹാഭാരതം കിളിപ്പാട്ടിലെ ഏതു പർവ്വത്തിലാണ് ഉൾക്കൊള്ളുന്നത്?

3. കൃഷ്ണകവിതകൾ എന്ന കാവ്യസമാഹാരം ആരുടെയാണ്?

4. ഏതു കാവ്യത്തിന്റെ സ്മരണയിലാണ് നിത്യമേഘം എന്ന കവിതയെഴുതിയിട്ടുള്ളത്?

5. രണ്ടു ശില്പങ്ങൾ എന്ന കവിതയിൽ പരാമർശിക്കപ്പെടുന്ന സ്ഥലം ഏത്?

6. ''ഇത്തറവാടിത്തഘോഷണത്തേപ്പോലെ
വൃത്തികെട്ടിട്ടില്ല മറ്റൊന്നുമൂഴിയിൽ'' - ഏതു കവിതയിലേതാണ് ഈ വരികൾ?

7. ''വനമൂർച്ഛയിൽ ദുഃഖം തകരും'' - എന്ന പ്രതീക്ഷ വക്കുന്നതാരാണ്?

8. എന്തിനു മർത്ത്യായുസ്സിൽ
        സാരമായതു ചില
    മുന്തിയ സന്ദർഭങ്ങൾ
    അല്ല മാത്രകൾ മാത്രം ? ഏതു കവിതയിലേതാണ് ഈ വരികൾ ?

P.T.O.

VTM NSS COLLEGE LIBRARY

9. ''ഇരുളിലപ്പോഴുദിക്കുന്നു നിൻമുഖം
കരുണമാം ജനനാന്തരസ്വാന്തനം'' ആരെക്കുറിച്ചാണ് കവി പറയുന്നത്?

10. ''നഗ്നപാദനായ് പിന്നി-
ട്ടെത്തി ഞാൻ - ആത്മാവിലെ
ഭദ്രദീപത്തിൻ പട്ടു-
നൂൽത്തിരി കൊടുത്താതെ'' - ആരുടെ വാക്കുകൾ?

**(10 × 1 = 10 Marks)**

II. **ഒരു ഖണ്ഡികയിൽ കവിയാതെ എട്ടു ചോദ്യത്തിന് ഉത്തരമെഴുതുക.**

11. ''ആറ്റുമണമേലുവാക്കൊഴിക്കെ

നിങ്ങൾക്കു പെണ്ണായി ഇരുന്നുകൊള്ളാം'' സന്ദർഭം വ്യക്തമാക്കുക.

12. ''ചിരിക്കുന്നുവോ? കൊള്ളാം
യൗവനത്തിന്റേതായ്,ക
യ്യിരിപ്പുണ്ടിന്നും നിന
ക്കാമനോഹരസ്മിതം'' - സന്ദർഭം വ്യക്തമാക്കുക.

13. ''ഫലിച്ചിതോ സഖി നിന്റെ പ്രയത്നവല്ലരി, രസം
കലർന്നിതോ ഫലം ചൊല്ക കനിയായിതോ?'' - സാഹചര്യമെന്ത്?

14. ''എന്നെ മാത്രം വിളിച്ചതു വീണ്ടു
മൊന്നു കാണുവാൻ മാത്രമാണല്ലോ'' - സന്ദർഭം വ്യക്തമാക്കുക.

15. ''കാണാം,മറിയുമേ കണ്ടാൽമറക്കാത്ത-
ത്താണക്കറുത്ത മുഖങ്ങളൊരിക്കലും'' - ആരുടെ മുഖങ്ങളെക്കുറിച്ചാണ് കവി പറയുന്നത്?

16. ''ഓർമ്മകളിനിമേലിൽ
പിറക്കാതിരുന്നെങ്കിൽ'' - കാവ്യസന്ദർഭം വ്യക്തമാക്കുക.

17. എന്തിനുവേണ്ടിയാണ് കവി തന്റെ വല്മീകത്തിൽ ധ്യാനലീനനായി ചെലവഴിച്ചത്?



VTM NSS COLLEGE LIBRARY

18. ''മറുകിയോ നെഞ്ചിടിപ്പിന്റെ താളവും
നിറയെ സംഗീതമുള്ള നിശ്വാസവും'' - സാഹചര്യം വ്യക്തമാക്കുക.

19. ''അന്നത്തെ സൂചിപ്രയോഗത്തിൻ നീറ്റൽപോ-
ലൊന്ന് മനസ്സിലൂടപ്പോൾ കടന്നുപോയ്'' - സന്ദർഭം വ്യക്തമാക്കുക.

20. രണ്ടു ശില്പങ്ങൾ എന്ന കവിതയിൽ കവി നിളയെ എങ്ങനെ അവതരിപ്പിച്ചിരിക്കുന്നു?

21. ''ഹാ! തിരുമുറിവാർന്ന
മനുഷ്യപുത്രൻ വീണ്ടും'' - കവി ഇങ്ങനെ പരിതപിക്കുന്ന സാഹചര്യമെന്ത്?

22. നർത്തനമാടുന്ന മലയാളകവിതയെ കവി അവതരിപ്പിക്കുന്നതെങ്ങനെ?

**(8 × 2 = 16 Marks)**

III. ഓരോന്നിനും **120** വാക്കിൽ കവിയാതെ **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

23. സന്ദർശനം എന്ന കവിതയുടെ ഭാവാത്മകസ്വഭാവം വിശദമാക്കുക.

24. വടക്കൻപാട്ടിന്റെ സ്വഭാവസവിശേഷതകൾ ഉദാഹരണസഹിതം വിശദമാക്കുക.

25. കരുത്തിന്റേയും പ്രതിരോധത്തിന്റെയും പ്രതീകമായി കവി കാട്ടാളനെ അവതരിപ്പിക്കുന്നതെങ്ങനെ?

26. കാവ്യനർത്തകി എന്ന കവിതയുടെ കാല്പനികസ്വഭാവം പരിശോധിക്കുക.

27. വാസവദത്തയുടെ ആത്മസംഘർഷങ്ങൾ കവി അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ?

28. കവിക്ക് ധ്യാനത്തിന്റെ വല്മീകം ആവശ്യമാണെന്ന് പറയുന്നതെന്തുകൊണ്ട്?

29. ഊഞ്ഞാലിൽ എന്ന കവിതയിൽ ദാമ്പത്യപ്രണയത്തിന്റെ മനോഹരനിമിഷങ്ങൾ കവി എങ്ങനെ അവതരിപ്പിച്ചിരിക്കുന്നു?

VTM NSS COLLEGE LIBRARY

30. ശ്രീകൃഷ്ണന്റെ വ്യക്തിത്വസവിശേഷതകൾ പാർത്ഥസാരഥിവർണ്ണനയിൽ കവി എത്രത്തോളം സാംശീകരിച്ചിരിക്കുന്നു?

31. മർത്ത്യജന്മത്തിന്റെ മനോഹാരിതകളെ കുറ്റപ്പെടുത്താനാവില്ലെന്ന് കവി പറയുന്ന തെന്തുകൊണ്ട്?

**(6 × 4 = 24 Marks)**

IV. **മൂന്നു** പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

32. പുരാണകഥയുടെ പുനരാഖ്യാനം എന്ന നിലയിൽ പുരൂരവസ്സ് എന്ന കവിതയുടെ സവിശേഷതകൾ അപഗ്രഥിക്കുക.

33. മനുഷ്യത്വത്തെ തൊട്ടുണർത്തുന്ന ഭാവപ്രപഞ്ചമാണ് അമ്മത്തൊട്ടിൽ എന്ന കവിതയിലേത്. വിശകലനം ചെയ്യുക.

34. ആത്മീയനിർവൃതിയിലേക്കുള്ള ഏകാന്തസഞ്ചാരമാണ് അഭിസാരിക എന്ന കവിതയെ ആകർഷകമാക്കുന്നത്. വിശദമാക്കുക.

35. ചങ്ങമ്പുഴക്കവിതയുടെ സ്വരലയങ്ങൾ കാവ്യനർത്തകി എന്ന കവിതയിൽ എത്രത്തോളം സമന്വയിക്കപ്പെട്ടിരിക്കുന്നുവെന്ന് പരിശോധിക്കുക.

**(2 × 15 = 30 Marks)**

VTM NSS COLLEGE LIBRARY